ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 20.12.2025** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. ഗുവാഹത്തിയിലും പശ്ചിമബംഗാളിലും വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കാലോചിതമായ പരിഷ്കരണമാണ് വിക്സിത് ഭാരത് ജി റാം ജി ബില്ലെന്ന് പ്രധാനമന്ത്രി.

2. നടൻ ശ്രീനിവാസന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നാളെ .

3. സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വിധികർത്താക്കളെ വിജിലൻസും പോലീസും നിരീക്ഷിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ നടക്കും.

5. രാഷ്ട്രപതിയുടെ ശബരിമല സന്ദർശനത്തോടനുബന്ധിച്ച് നിർമ്മിച്ച ഹെലിപ്പാഡ് തകർന്ന സംഭവത്തിൽ അന്വേഷണം നടത്താൻ പൊതുമരാമത്ത് മന്ത്രിയുടെ ഉത്തരവ്.

6. 2026 ലെ ഐസിസി ടി-20 ക്രിക്കറ്റ് ലോകകപ്പിലേക്കുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു . മലയാളി താരം സഞ്ജു സാംസണും ടീമിൽ.

**************************

## പ്രധാനമന്ത്രി - അസം

ഗുവാഹത്തിയിലും പശ്ചിമബംഗാളിലും വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി . ഗുവാഹത്തിയിലെ ലോകപ്രിയ ഗോപിനാഥ് ബർദോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ 4000 കോടി രൂപചിലവിൽ നിർമിച്ച അത്യാധുനിക ബാംബൂ ഓർക്കിഡ് ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി രാജ്യത്തിനു സമർപ്പിച്ചു . 15,600 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. നേരത്തെ പശ്ചിമ ബംഗാളിൽ 3,200 കോടി രൂപ ചെലവ് വരുന്ന രണ്ട് ദേശീയ പാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു.

**************************

## വിക്സിത് ഭാരത് ജി റാം ജി-പ്രധാനമന്ത്രി

സാമൂഹിക സംരക്ഷണത്തിൽ നിന്നുള്ള പിന്മാറ്റമല്ല മറിച്ച് കാലോചിതമായ പരിഷ്കരണമാണ് പുതിയ വിക്സിത് ഭാരത് ജി റാം ജി ബില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബില്ലിന്റെ ലക്ഷ്യങ്ങൾ ഉയർത്തിക്കാട്ടി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ എഴുതിയ ഒരു ലേഖനം സമൂഹ മാധ്യമത്തിൽ പങ്കിട്ടാണ് പ്രധാനമന്ത്രിയുടെ പ്രതികരണം. തൊഴിലുറപ്പ് വർദ്ധിപ്പിച്ച്, പ്രാദേശിക ആസൂത്രണം ഉൾപ്പെടുത്തി, തൊഴിലാളി സുരക്ഷയെ കാർഷിക ഉൽപ്പാദനക്ഷമതയുമായി സന്തുലിതമാക്കി,ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങളെ പരിവർത്തനം ചെയ്യാൻ ബിൽ എങ്ങനെ ലക്ഷ്യമിടുന്നുവെന്ന് ലേഖനം

ചൂണ്ടിക്കാണിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

***************************

## വിബി–ജി റാം ജി (ഇൻട്രോ)

തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ തീരുമാനത്തിൽ സന്തോഷം പ്രകടിപ്പിച്ച് വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗുണഭോക്താക്കൾ. വാർഷിക തൊഴിൽ ദിനങ്ങൾ നൂറിൽ നിന്നും 125 ആയി ഉയർത്തിയത് സാധാരണക്കാരായ ജനവിഭാഗങ്ങൾക്ക് വലിയ ആശ്വാസമാകുമെന്ന് ഇടുക്കി കുടയത്തൂർ പഞ്ചായത്തിലെ എവർഗ്രീൻ യൂണിറ്റ് അംഗം പുഷ്പ സുകുമാരൻ പറഞ്ഞു.

(വോയ്സ്)

***************************

## പ്രത്യേക പരിപാടി

പാർലമെൻറ് പാസാക്കിയ V B G - RAM-G പദ്ധതിയുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി ഇന്ന് രാത്രി 8.00 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയിൽ കേന്ദ്ര സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ.ജി ഗോപകുമാർ പങ്കെടുക്കും.

***************************

## നടൻ ശ്രീനിവാസൻ

അന്തരിച്ച നടൻ ശ്രീനിവാസന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. എറണാകുളം ടൗൺ ഹാളിലും അദ്ദേഹത്തിൻറെ കൊച്ചി കണ്ടനാട്ടെ വസതിയിലും പൊതുദർശനത്തിന് വെച്ച ഭൗതികശരീരത്തിൽ നിരവധിപേർ ആദരാഞ്ജലി അർപ്പിച്ചു. മുഖ്യമന്ത്രി പിണറായി

വിജയൻ, മമ്മൂട്ടി, മോഹൻലാൽ, കമൽ, സത്യൻ അന്തിക്കാട്, ദിലീപ് തുടങ്ങി നിരവധി പേർ ടൗൺ ഹാളിലെത്തി അന്ത്യാഞ്ജലി അർപ്പിച്ചു. സംസ്കാരം നാളെ രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെ നടക്കും. ഇന്ന് രാവിലെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലായിരുന്നു 69 കാരനായിരുന്ന ശ്രീനിവാസിൻറെ വിടവാങ്ങൽ. ദീർഘനാളായി ചികിൽസയിലായിരുന്നു..

*************************

## സപ്ലൈകോ-ക്രിസ്മസ് ഫെയർ (ഇൻട്രോ)

സംസ്ഥാനം ക്രിസ്മസ് ആഘോഷലഹരിയിലേക്ക്. ലോകരക്ഷകന്റെ തിരുപ്പിറവി ആഘോഷത്തിനു നാടെങ്ങും ഒരുക്കമായി. സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്കും തിങ്കളാഴ്ച തുടക്കമാകും.

**വിശദവിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.**

(വോയ്സ്)

*************************

## ഹെലിപ്പാഡ് - മന്ത്രി മുഹമ്മദ് റിയാസ്

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിൽ നിർമ്മിച്ച താത്ക്കാലിക ഹെലിപ്പാഡ് തകർന്ന സംഭവത്തിൽ നിർമ്മാണം സംബന്ധിച്ച് അന്വേഷണം നടത്താൻ മന്ത്രി മുഹമ്മദ് റിയാസ് നിർദേശം നൽകി. വിവരാവകാശ പ്രവർത്തകൻറെ പരാതിയിലാണ് അന്വേഷണം നടത്താൻ മന്ത്രി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയത്. കഴിഞ്ഞ ഒക്ടോബർ മാസം 22 നാണ് രാഷ്ട്രപതി ദ്രൗപദി മുർമു ശബരിമല സന്ദർശനത്തിനായി പത്തനംതിട്ടയിലെത്തിയത്.

*************************

## കടുവ ആക്രമണം

വയനാട് പുൽപ്പള്ളിയിൽ കാപ്പി സെറ്റ് ചെത്തിമറ്റത്ത് കടുവ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. ദേവർഗദ്ധ ഉന്നതിയിലെ കൂമൻ ആണ് കൊല്ലപ്പെട്ടത്. പുഴയോരത്തുനിന്ന് കടുവ പിടികൂടി കാട്ടിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോവുകയായിരുന്നു. അധികൃതരുടെ അനാസ്ഥ തുടരുന്ന സാഹചര്യത്തിൽ മൃതദേഹം കൊണ്ടുപോകാൻ അനുവദിക്കാതെ നാട്ടുകാർ പ്രതിഷേധിച്ചു.

*************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

*************************

## ലോക്ഭവൻ പ്രഭാഷണം

ഭാരതീയ വൈജ്ഞാനിക മൂല്യങ്ങളിലെ പ്രധാന ബിംബമായ ധർമ്മ ഇന്ത്യൻ ഭരണഘടനയിലുടനീളം വ്യാപൃതമാണെന്ന് നിയമ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ദിനേഷ് മഹേശ്വരി. ആധുനിക സാങ്കേതിക മുന്നേറ്റത്തിലും ഇത് മാറ്റമില്ലാതെ തുടരുന്നതായും അദ്ദേഹം പറഞ്ഞു. ലോക് ഭവനിൽ സംഘടിപ്പിച്ച ഭാരതീയ വൈജ്ഞാനിക സമ്പ്രദായവും ഭരണഘടനയും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രഭാഷണ പരിപാടി ഗവർണർ രാജേന്ദ്ര ആർലേക്കർ ഉദ്ഘാടനം ചെയ്തു.

*************************

## സത്യപ്രതിജ്ഞ

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്ന് അവസാനിക്കും. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ നടക്കും. പുതിയ ഭരണസമിതികളും നാളെ ചുമതലയേൽക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുളള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിലാണ്.

***************************

## പന്തൽ കാൽനാട്ട് കർമ്മം

ജനുവരി 14 മുതൽ 18 വരെ തൃശ്ശൂർ ജില്ലയിൽ നടക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻ്റെ ഔദ്യോഗിക ലോഗോയും കലോത്സവ ഷെഡ്യൂളും മന്ത്രി കെ രാജന് കൈമാറി മന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്തു. പന്തൽ കാൽനാട്ട് കർമ്മവും തേക്കിൻകാട് മൈതാനത്ത് മന്ത്രി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പൂർണ്ണമായും പരാതിരഹിതമേളയാക്കി മാറ്റാനാണ് ആഗ്രഹിക്കുന്നത് എന്നും സ്കൂൾ കലോത്സവം വിലയിരുത്തുന്ന 400ഓളം വിധികർത്താക്കൾ വിജിലൻസിന്റെയും പോലീസിന്റെയും നിരീക്ഷണത്തിൽ ആയിരിക്കുമെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

***************************

## ഐസിസി ടി20 ക്രിക്കറ്റ്

2026 ലെ ഐസിസി ടി-20 ക്രിക്കറ്റ് ലോകകപ്പിനായുള്ള 15 അംഗ ഇന്ത്യൻ ടീമിനെ ബി സി സി ഐ പ്രഖ്യാപിച്ചു . സൂര്യകുമാർ യാദവ് ആണ് ക്യാപ്റ്റൻ , അക്ഷർ പട്ടേൽ വൈസ് ക്യാപ്റ്റൻ.

മലയാളി താരം സഞ്ജു സാംസണും ടീമിൽ ഇടംപിടിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി 7 മുതൽ മാർച്ച് 8 വരെയാണ് മത്സരങ്ങൾ നടക്കുക.

***************************

## ശബരിമല - തിരക്ക്

മണ്ഡലകാല സമാപനത്തിന് ഒരാഴ്ച മാത്രം ശേഷിക്കേ ശബരിമല സന്നിധാനത്ത് തിരക്ക് തുടരുന്നു. പതിനെട്ടാംപടി, സോപാനം, തിരുമുറ്റം, മാളികപ്പുറം എന്നിവിടങ്ങളിൽ മൊബൈൽ ഫോണും മറ്റു ക്യാമറകളും ഉപയോഗിച്ച് ഫോട്ടോ എടുക്കുന്നതിനും വീഡിയോ ചിത്രീകരിക്കുന്നതിനും പൊലീസ് കർശന വിലക്കേർപ്പെടുത്തി.

***************************

## ശബരിമല സന്നദ്ധ സേവനം-ഇൻട്രോ

ശബരിമലയിൽ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ നിന്നുള്ള ഒരു കൂട്ടം യുവാക്കൾ നടത്തുന്ന സന്നദ്ധ സേവനം അയ്യപ്പഭക്തർക്ക് അനുഗ്രഹമാകുന്നു. ടീം ലീഡർ ജിനീഷ് ശ്രീനിവാസന്റെ നേതൃത്വത്തിലുള്ള 68 പേരുടെ സംഘമാണ് ശബരിമലയിൽ ശാരീരിക ബുദ്ധിമുട്ടുള്ളവരെ സ്ട്രെച്ചറിൽ സുരക്ഷിത സ്ഥലത്തേക്ക് മാറ്റുന്നത്. കഴിഞ്ഞ 6 വർഷത്തിലധികമായി സൗജന്യ സേവനത്തിനായി തങ്ങളുടെ ടീം ശബരിമലയിലെത്തുന്നതായി ജിനീഷ് ശ്രീനിവാസൻ പറഞ്ഞു

വോയിസ്)

***************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്.

ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***************************

## ബേക്കൽ ബീച്ച് ഫെസ്റ്റ്

സിനിമ ടൂറിസം പദ്ധതികൾ കേരളത്തിന്റെ ടൂറിസം പ്രവത്തങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. സംവിധായകൻ മണിരത്നം, നടി മനീഷ കൊയ്രാള, ഛായാഗ്രഹൻ രാജീവ് മേനോൻ എന്നിവർക്കൊപ്പം ബേക്കൽ കോട്ട സന്ദർശിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ബോംബെ'യിലെ ഗാന രംഗങ്ങൾ ചിത്രീകരിച്ച ബേക്കൽ കോട്ടയെ സിനിമാ പ്രേക്ഷകർക്കിടയിൽ പരിചയപ്പെടുത്തുന്നതിനോടൊപ്പം, പ്രദേശത്തെ സിനിമ–ടൂറിസം സാധ്യതകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ബേക്കൽ ബീച്ച് പാർക്കിൽ സംഘടിപ്പിക്കുന്ന ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിന്റെ മൂന്നാമത് എഡിഷനും ഇന്ന് തുടക്കമായി.

*****************************************************